ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 11-05-2024**

## പ്രധാനവാർത്തകൾ

1.ലോക്സഭാ തിരഞ്ഞെടുപ്പിന്റെ നാലാം ഘട്ടത്തിലേക്കുള്ള പരസ്യപ്രചാരണം അവസാനിച്ചു. വോട്ടെടുപ്പ് മറ്റന്നാൾ.

2. അഭിപ്രായ സ്വാതന്ത്ര്യം എന്നാൽ വിഘടനവാദത്തെ പിന്തുണയ്ക്കാനുള്ള സ്വാതന്ത്ര്യമല്ലെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ.

3. ആഗോള തലത്തിൽ മലയാളി നഴ്സുമാർക്ക് വൻ സ്വീകാര്യതയാണ് ഉള്ളതെന്ന് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്ത് സർക്കാർ മേഖലകളിൽ ഈ വർഷം 1,020 ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ വർധിപ്പിച്ചതായും ആരോഗ്യമന്ത്രി.

4. അടുത്ത അഞ്ചു ദിവസം സംസ്ഥാനത്ത് ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

5. കടുത്ത വേനലിനെ തുടർന്ന് പാലക്കാട് ജില്ലയിൽ 32 കോടിയിലധികം രൂപയുടെ കൃഷിനാശം സംഭവിച്ചതായി വിദഗ്ധ സമിതി.

RNU TVPM

**6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്- മുംബൈ ഇന്ത്യൻസ് പോരാട്ടം.**

&&&&&&&&&&&&&&&

__പ്രചാരണം__

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ നാലാം ഘട്ടത്തിലേക്കുള്ള പരസ്യപ്രചാരണം അവസാനിച്ചു. നാളെ നിശബ്ദ പ്രചാരണമാണ്. മറ്റന്നാളാണ് വോട്ടെടുപ്പ്. അതിനിടെ രാജ്യത്ത് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ അവശേഷിക്കുന്ന ഘട്ടങ്ങളിലേക്കുള്ള പ്രചാരണം ഊർജിതമായി പുരോഗമിക്കുന്നു. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് ഒഡീഷയിൽ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ബീഹാറിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തു. എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി ഇന്ന് മഹാരാഷ്ട്രയിലും തെലങ്കാനയിലുമാണ് പര്യടനം നടത്തിയത്. ഉത്തർപ്രദേശിൽ 13 ഉം, മധ്യപ്രദേശിൽ എട്ടും, മഹാരാഷ്ട്രയിൽ പതിനൊന്നും, ജമ്മു കശ്മീരിൽ ഒന്നും, ബിഹാറിൽ 5 ഉം സീറ്റുകളിലാണ് നാലാം ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നുണ്ട്.

&&&&&&&&&&&&&&&

__മൂന്നാം ഘട്ടം__

മൂന്നാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൽ 65.68 ശതമാനം പോളിംഗ് രേഖപ്പെടുത്തിയതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ അന്തിമ കണക്കുകൾ. 93 പാർലമെന്റ് മണ്ഡലങ്ങളിലായി നടന്ന വോട്ടെടുപ്പിൽ 66.89% പുരുഷ വോട്ടർമാരും 64.41% സ്ത്രീ

RNU TVPM

വോട്ടർമാരും സമ്മതിദാന അവകാശം വിനിയോഗിച്ചു. 25.2 ശതമാനം ട്രാൻസ് ജെൻഡർമാരും വോട്ടു ചെയ്തു.

&&&&&&&&&&&&&&&

## എസ്. ജയ്ശങ്കർ

അഭിപ്രായ സ്വാതന്ത്ര്യം എന്നാൽ വിഘടനവാദത്തെ പിന്തുണയ്ക്കാനുള്ള സ്വാതന്ത്ര്യമല്ലെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. കാനഡയിലെ വിഘടനവാദ സംഭവങ്ങളെ സൂചിപ്പിച്ചാണ് വിദേശകാര്യ മന്ത്രിയുടെ പരാമർശം. വിഘടനവാദികൾക്കും തീവ്രവാദ ശക്തികൾക്കും കാനഡ രാഷ്ട്രീയ ഇടം നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയും ചൈനയും തമ്മിൽ ചർച്ച തുടരുകയാണെന്നും ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം സാധാരണ നിലയിൽ ആകണമെങ്കിൽ തർക്ക വിഷയങ്ങൾ പരിഹരിക്കേണ്ടതുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

RNU TVPM

&&&&&&&&&&&&&&&

## അരവിന്ദ് കെജ്രിവാൾ

ആം ആദ്മി പാർട്ടി ചരിത്ര ഭൂരിപക്ഷത്തോടെ ഡൽഹിയിൽ അധികാരത്തിൽ വന്നതാണെന്നും ഒരു നടപടിക്കും പാർട്ടിയെ വീഴ്ത്താൻ കഴിയില്ലെന്നും ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ. ജയിൽ മോചിതനായ ശേഷം റൗസ് അവന്യുവിലെ പാർട്ടി ആസ്ഥാനത്ത് പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം . ഇന്ത്യ മുന്നണി അധികാരത്തിൽ വരുമെന്നും APP അതിൻറെ ഭാഗമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&

<u>വീണാ ജോർജ്</u>

ആഗോള തലത്തിൽ മലയാളി നഴ്സുമാർക്ക് വൻ സ്വീകാര്യതയാണുള്ളതെന്ന് മന്ത്രി വീണാ ജോർജ്. ആരോഗ്യ മേഖലയുടെ നെടുംതൂണായ നഴ്സുമാരുടെ സേവനം സമാനതകളില്ലാത്തതാണ്. നഴ്സിംഗ് മികവിൻറെ സമ്പന്നമായ പാരമ്പര്യമാണ് കേരളത്തിനുള്ളത്. ഫ്ലോറൻസ് നൈറ്റിംഗേലിന്, നഴ്സിംഗ് എന്നത് സേവനം മാത്രമായിരുന്നെങ്കിൽ ഇന്നത് ഒരു പ്രധാന തൊഴിൽ മേഖലയായി മാറിയിരിക്കുന്നതായും അന്താരാഷ്ട്ര നഴ്സസ് ദിനത്തോടനുബന്ധിച്ച് പുറത്തിറക്കിയ പ്രസ്താവനയിൽ മന്ത്രി പറഞ്ഞു. സർക്കാർ മേഖലകളിൽ ഈ വർഷം 1,020 ബി.എസ്.സി. നഴ്സിംഗ് സീറ്റുകളാണ് വർധിപ്പിച്ചതായും ആരോഗ്യമന്ത്രി പറഞ്ഞു. നാളെയാണ് അന്താരാഷ്ട്ര നഴ്സസ് ദിനം.

&&&&&&&&&&&&&&&

<u>മഴ</u>

സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് പത്തനംതിട്ട,എറണാകുളം, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലും നാളെ പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. ഇടിമിന്നൽ മുന്നറിയിപ്പുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതേസമയെ കോട്ടയം ജില്ലയിൽ ശക്തമായ വേനൽ മഴ ലഭിച്ചു. പത്തനംതിട്ടയിലെ മലയോര മേഖലയിലും വൈകുന്നേരത്തോടെ മഴ ശക്തമായി. തിരുവനന്തപുരം ജില്ലയിൽ വിവിധ ഇടങ്ങളിൽ ഇടിയോടു കൂടിയ മഴ അനുഭവപ്പെട്ടു.

RNU TVPM

&&&&&&&&&&&&&&&

## പമ്പ - ഡാമുകൾ തുറക്കും

ശബരിമല ഇടവമാസ പൂജയ്ക്കായി എത്തുന്ന ഭക്തരുടെ സ്നാനഘട്ടമായ പമ്പ ത്രിവേണിയിലെ ജലനിരപ്പ് താഴ്ന്നതിനാൽ പമ്പ, കൊച്ചുപമ്പ ഡാമുകൾ തുറന്നുവിടാൻ ജില്ലാ കളക്ടർ ഉത്തരവിട്ടു. തിങ്കളാഴ്ച രാവിലെ ആറു മണി മുതൽ ഈ മാസം 19 വരെ പ്രതിദിനം 25,000 ക്യൂബിക് മീറ്റർ വെള്ളം വീതമാണ് തുറന്നുവിടുന്നത്. ഈ സാഹചര്യത്തിൽ വൃഷ്ടിപ്രദേശത്തുള്ളവർ ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&

## എഐ

പൊതു വിദ്യാസ സ്ഥാനപങ്ങളിൽ നിർമിതബുദ്ധി- സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാകുകയാണ് കേരളം. ഇതിന്റെ ഭാഗമായി ഈ മാസം രണ്ടുമുതൽ അധ്യാപകർക്കായി എഐ പരിശീലനം ആരംഭിച്ചു. എഐ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുമ്പോഴുള്ള പരിമിതികളും , സ്വീകരിക്കേണ്ട മുൻകരുതലുകളും, പരിശീലന ക്ലാസ്സുകളിൽ ചർച്ചയാവുകയാണ്.

RNU TVPM

&&&&&&&&&&&&&&&

## ശ്രീശങ്കരാചാര്യ

ശ്രീശങ്കരാചാര്യരുടെ ജയന്തി ആഘോഷങ്ങളുടെ ഭാഗമായി കാലടിയിൽ നടന്ന ശ്രീശങ്കര സ്മൃതി സംഗമവും ആദി ശങ്കരൻ

ഇൻറർനാഷണൽ ഫൗണ്ടേഷന്റെ മൂന്നാം വാർഷികവും ഡൽഹി ലഫ്റ്റനൻറ് ഗവർണർ വിനയ് കുമാർ സക്സേന ഉദ്ഘാടനം ചെയ്തു. ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ശങ്കരഗ്രാമം പദ്ധതിക്കും തുടക്കമായി.

&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. ഇന്നത്തെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&

RNU TVPM

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ രാത്രി 7.30നാണ് മത്സരം. ഇന്നലെ നടന്ന ഗുജറാത്ത് ടൈറ്റൻസ്- മുംബൈ ഇന്ത്യൻസ് മത്സരത്തിൽ ഗുജറാത്ത് 35 റൺസിന് വിജയിച്ചിരുന്നു. ഗുജറാത്ത് ഉയർത്തിയ 232 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ചെന്നൈയ്ക്ക് നിശ്ചിത ഓവറിൽ 196 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ.

&&&&&&&&&&&&&&&

## സ്ക്വാഷ്

ഈജിപ്റ്റിലെ കെയ്റോയിൽ നടക്കുന്ന സ്ക്വാഷ് ലോക ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ രമിത് ടണ്ടന് ജയം. ലോക 36-ാം

നമ്പർ താരമായ ടണ്ടൻ യു എസിന്റെ ഫറാസ് ഖാനെയാണ് ആദ്യ റൗണ്ടിൽ പരാജയപ്പെടുത്തിയത്. ചാമ്പ്യൻഷിപ്പിൽ മത്സരിക്കുന്ന ഏക ഇന്ത്യൻ താരമായ രമിത് നാളെ രണ്ടാം റൗണ്ടിൽ ഇംഗ്ലണ്ട് താരത്തോടാണ് ഏറ്റുമുട്ടുന്നത്.

&&&&&&&&&&&&&&&

<u>പാലക്കാട് വേനൽ (ഇൻട്രോ)</u>

കടുത്ത വേനൽ പാലക്കാട് ജില്ലയിലെ കാർഷിക മേഖലയിൽ ഉണ്ടാക്കിയത് 32 കോടിയിലധികം രൂപയുടെ നഷ്ടം. കൃഷി നാശം വിലയിരുത്താൻ രൂപീകരിച്ച ദൗത്യ സംഘമാണ്നഷ്ടം കണക്കാക്കിയിരിക്കുന്നത്.

<u>കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്.....</u>

<u>(വോയിസ്)</u>

RNUTVPM

&&&&&&&&&&&&&&&

<u>സ്വർണക്കടത്ത്</u>

ഒളിപ്പിച്ച് കടത്താൻ ശ്രമിച്ച ഒന്നര കോടി രൂപയുടെ സ്വർണവുമായി ദുബായിൽ നിന്നെത്തിയ കന്യാകുമാരി സ്വദേശിയെ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ കസ്റ്റംസ് പിടി കൂടി. ഗ്രീൻ ചാനലിലൂടെ കടക്കാൻ ശ്രമിച്ച ഇയാൾ 2,332 ഗ്രാം സ്വർണമാണ് കടത്താൻ ശ്രമിച്ചത്.

&&&&&&&&&&&&&&&

<u>വിവരാവകാശ കമ്മിഷൻ സിറ്റിംഗ്</u>

സംസ്ഥാന വിവരാവകാശ കമ്മിഷൻ ഈമാസം 16 ന് മലപ്പുറത്ത് സിറ്റിംഗ് നടത്തും. സിവിൽ സ്റ്റേഷനിലുള്ള ജില്ലാ പ്ലാനിംഗ് സെക്രട്ടേറിയറ്റ് ഹാളിൽ ഉച്ചതിരിഞ്ഞ് തെളിവെടുപ്പ് ആരംഭിക്കും .

&&&&&&&&&&&&&&&

<u>ആലപ്പുഴ - പക്ഷിപ്പനി</u>

ആലപ്പുഴ ജില്ലയിലെ തഴക്കര പഞ്ചായത്തിലെ വെട്ടിയാറിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു. കൊയ്ത്തു കഴിഞ്ഞ പെരുവേലിൽ ചാൽ പുഞ്ചയിൽ തീറ്റക്കായി ഒന്നരമാസം മുമ്പ് കൊണ്ടുവന്ന താറാവുകൾക്കാണ് രോഗബാധ. 3,000 താറാവുകൾ നേരത്തെ ചത്തിരുന്നു.

&&&&&&&&&&&&&&&

<u>മലയാളി സൈനികൻ - മൃതദേഹം</u>

ഹിമാചലിൽ അപകടത്തിൽ മരിച്ച മലയാളി സൈനികന്റെ മൃതദേഹം നാട്ടിലെത്തിക്കാൻ ശ്രമം തുടങ്ങി. കരസേനയുടെ 426 എഞ്ചിനിയർ റെജിമെന്റിൽ ജോലി ചെയ്യുന്ന ഫറോക്ക് സ്വദേശി ആദർശ് ആണ് മരിച്ചത്. സിംലയിൽ ഡ്യൂട്ടി യുടെ ഭാഗമായി ക്യാംപിൽ നിന്നും യൂണിറ്റ് ലൊക്കേഷനിലേക് യാത്ര ചെയ്യുന്നതിനിടെ, മണ്ണിടിച്ചിലിൽ വാഹനത്തിന്റെ മുകളിലേക്ക് പാറ കല്ല് വീണ് അപകടമുണ്ടായെന്നാണ് ലഭിച്ച വിവരം.

&&&&&&&&&&&&&&&

<u>നീലക്കുറിഞ്ഞി</u>

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ജൈവവൈവിധ്യ

RIJU TVPM

പഠനോത്സവം ഈ മാസം 20 മുതൽ മൂന്നു ദിവസങ്ങളിലായി അടിമാലിയിലെ ജൈവവൈവിധ്യ കേന്ദ്രത്തിലും മൂന്നാറിലുമായി നടക്കും. ലോക ജൈവവൈവിധ്യ ദിനചാരണത്തോടനുബന്ധിച്ചാണ് പരിപാടി. ഇടുക്കി ജില്ലയിലെ അടിമാലിയിൽ ഹരിതകേരളം മിഷൻ സ്ഥാപിച്ച നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന പഠനകേന്ദ്രത്തിന്റെ കമ്മ്യൂണിറ്റിതല പരിപാടികളുടെ ഭാഗമായാണ് പഠനോത്സവം.

&&&&&&&&&&&&&&&&

<u>കൃഷി വിജ്ഞാന കേന്ദ്രം</u>

കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ സുവർണ ജൂബിലി ആഘോഷമായ സുവർണ സമൃദ്ധിക്ക് തിങ്കളാഴ്ച തൃശ്ശൂർ ജില്ലയിൽ തുടക്കം കുറിക്കും. കേരളത്തിലെയും ലക്ഷദ്വീപിലെയും പതിനഞ്ച് കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ നിന്നുള്ള പ്രതിനിധികൾ കാർഷിക സർവ്വകലാശാല ആസ്ഥാനത്തു നടക്കുന്ന പരിപാടിയിൽ പങ്കെടുക്കും.

കൃഷിയിട പരീക്ഷണങ്ങൾ, പ്രദർശനങ്ങൾ, പരിശീലനങ്ങൾ എന്നിവ വഴി കാർഷിക ഗവേഷണ ഫലങ്ങൾ, കർഷകരിലേക്കെത്തിക്കുന്ന നിർണ്ണായക ഉദ്യമമാണ് കൃഷി വിജ്ഞാന കേന്ദ്രങ്ങൾ നടപ്പിലാക്കുന്നത്.

&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

RNU TVPM